**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചാലക്കുടി നഗരസഭയിൽ നഗരസഭാ സ്റ്റേഡിയം വികസനത്തിനായി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ കേസുകളിലെ തുക അടവാക്കുന്നതിനു വേണ്ടി 2019-20 വർഷത്തെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ അധികമായി ലഭിച്ച തുകയിൽ നിന്നും 2 കോടി രൂപ വിനിയോഗിക്കുന്നതിന് ചാലക്കുടി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 1756/2019/ത.സ്വ.ഭ.വ          തിരുവനന്തപുരം, തീയതി, 14.08.2019.

---

പരാമർശം :-1) ചാലക്കുടി നഗരസഭാ കൗൺസിലിന്റെ 26/03/2019 - ലെ 24-ാം നമ്പർ തീരുമാനം.

2) ചാലക്കുടി നഗരസഭാ ചെയർപേഴ്സന്റെ 31.5.2019 -ലെ ആർ 3-12195 10(1) നമ്പർ കത്ത്.

3) നഗരകാര്യ ഡയറക്ടറുടെ 21.06.2019 -ലെ ജി3 -12489/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചാലക്കുടി നഗരസഭയിൽ നഗരസഭാ സ്റ്റേഡിയം വികസനത്തിനായി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ കേസുകളിലെ തുക അടവാക്കുന്നതിനു വേണ്ടി 2019-20 ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ അധികമായി ലഭിച്ച തുകയിൽ നിന്നും 2 കോടി രൂപ വിനിയോഗിക്കുന്നതിനുള്ള അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് അപേക്ഷിക്കാൻ ചാലക്കുടി നഗരസഭാ കൗൺസിൽ പരാമർശം (1) പ്രകാരം തീരുമാനമെടുത്തിരുന്നു.

2) സ്റ്റേഡിയം വികസനത്തിനായി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട രണ്ട് കേസുകളിലായി 20,09,42,287/- രൂപ ഇനിയും അടച്ചു തീർക്കാനുണ്ടെന്നും ടി കേസുകളിൽ ജപ്തി നടപടികൾ ഒഴിവാക്കുവാൻ അടിയന്തിരമായി തുക അടവാക്കാൻ ഗവൺമെന്റ് പ്ലീഡർ അറിയിപ്പ് നൽകിയിരുന്നുവെന്നും പരാമർശം (3) പ്രകാരം നഗര കാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പോട്ട മിനി മാർക്കറ്റിനായി സ്ഥലം ഏറ്റെടുത്ത വകയിലും 2(രണ്ട്)കോടിയോളം രൂപ നഗരസഭയ്ക്ക് ബാധ്യതയുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് ബാധ്യതയായ തുകകൾ അടവാക്കുന്നതിലേയ്ക്ക് 2019-20 -ലെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 2(രണ്ട്)കോടി രൂപ വിനിയോഗിക്കുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം(2)പ്രകാരം നഗരസഭാ ചെയർപേഴ്സൺ അപേക്ഷിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് civic services നൽകുന്നതിനായി വിനിയോഗിക്കണമെന്ന് മാർഗ്ഗനിർദ്ദേശമുള്ളതിനാൽ പൊതുജനങ്ങളുടെ ആവശ്യത്തിനായുള്ള സ്റ്റേഡിയം നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്ത വകയിലുള്ള അധിക ബാധ്യത അടവാക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാലക്കുടി നഗരസഭയിൽ നഗരസഭാ സ്റ്റേഡിയം വികസനത്തിനായി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ലാന്റ്

അക്വിസിഷൻ കേസുകളിലെ തുക അടവാക്കുന്നതിനു വേണ്ടി ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, 2019-20 വർഷത്തെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ അധികമായി ലഭിച്ച തുകയിൽ നിന്നും 2(രണ്ട്)കോടി രൂപ വിനിയോഗിക്കുന്നതിന് ചാലക്കുടി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**മദീന ബീഗം. എ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തൃശ്ശൂർ.
സെക്രട്ടറി, ചാലക്കുടി നഗരസഭ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
റവന്യൂ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ